കേരളകൗമുദി

July 8, 2016

# മത്തി കിട്ടാനില്ല; നഷ്ടം 150 കോടി

▶ പ്രസന്ന

കൊച്ചി: മലയാളികളുടെ പ്രിയമത്സ്യമായ മത്തിയുടെ കുറവുമൂലം കഴിഞ്ഞ വർഷം കേരളത്തിന്റെ മത്സ്യവിപണനമേഖലയ്ക്ക് 150 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനത്തിൽ കണ്ടെത്തി. മത്തിക്ഷാമം മൂലം മത്സ്യമേഖലയിൽ 28.2 ശതമാനം തൊഴിലും കുറഞ്ഞു. മത്തിയുടെ വിലയിൽ 60 ശതമാനം വർദ്ധനവ് ഉണ്ടായതായും പഠനത്തിൽ കണ്ടെത്തി. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം വ്യക്തമാക്കുന്നു.

2010-2012 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്തി കുറയുന്നതിന് ഒരു പ്രധാന കാരണമായെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. സി.എം.എഫ്.ആർ.ഐയിലെ ഫിഷറിസ് എൺവയൺമെന്റ് ആൻഡ് മാനേജ്മെന്റ് ഡിവിഷൻ മേധാവി ഡോ. വി. കൃപയുടെ നേതൃത്വത്തിലാണ് പഠനം നടന്നത്. മത്തിയുടെ ലഭ്യതയിൽ ഈ വർഷവും പ്രതീക്ഷയ്ക്ക് വകയില്ലെന്നാണ് കണ്ടെത്തൽ. പഠന റിപ്പോർട്ട് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയ്ക്ക് സമർപ്പിച്ചു.



### കുറയാനുള്ള കാരണം

- ■ അതിരുകടന്നുള്ള മത്സ്യബന്ധനം
- ■ മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം
- ■ എൽനിനോ പ്രതിഭാസം,
- ■ അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത്

### താരമായി ഒമാൻചാള

കേരളത്തിൽ മത്തി കിട്ടാതായതോടെ മത്സ്യകമ്പോളങ്ങളിൽ ഒമാൻചാള താരമായി. നമ്മുടെ മത്തിയുടെ മൂന്നിരട്ടിയോളം വലിപ്പമുള്ളതാണ് ഒമാനിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഒമാൻ ചാള.

### പ്രതിവിധി

കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നതിലുള്ള നിരോധനം കൂടുതൽ ശക്തമാക്കണമെന്ന് സി. എം. എഫ്. ആർ. ഐ സർക്കാരിനോട് ആവശ്യപ്പെട്ടു. മത്സ്യബന്ധന വലയുടെ നീളവും ആഴവും കുറയ്ക്കണം. സംസ്ഥാനത്തെ ഫിഷറീസ് മേഖലയുടെ വികസനത്തിന് ഏതുതരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഒരുക്കമാണെന്ന് ഡോ.എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

### 51 ശതമാനം കുറവ്

കേരളതീരത്തു മത്തിയുടെ ലഭ്യതയിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2015ൽ 51 ശതമാനത്തിന്റെ കുറവുണ്ടായി. 2014ൽ ഒന്നരലക്ഷം ടൺ മത്തി ലഭ്യമായ സ്ഥാനത്ത് 68,000 ടൺ മാത്രമാണ് 2015ൽ കേരളതീരത്തുനിന്നു ലഭിച്ചത്. 1994, 1995, 1996 വർഷങ്ങളിലെ ഒറ്റപ്പെട്ട അവസ്ഥകൾ ഒഴിച്ചുനിറുത്തിയാൽ 1961 ന ശേഷം ആദ്യമായാണ് മത്തിയുടെ ലഭ്യത ഇത്രയും കുറയുന്നത്. ഈ കുറവ് കേരളത്തിന്റെ ആകെ മത്സ്യലഭ്യതയെയും ബാധിച്ചു. ആകെ മത്സ്യലഭ്യതയിൽ 16 ശതമാനത്തിന്റെ കുറവാണ് ഇതു മൂലം ഉണ്ടായത്.

രാജ്യത്താകമാനം മത്തിയുടെ ലഭ്യതയിൽ 51 ശതമാനത്തിന്റെ കുറവുണ്ട്. 2014ൽ ഇന്ത്യൻ തീരങ്ങളിൽ നിന്നു 5.45 ലക്ഷം ടൺ മത്തി ലഭിച്ചപ്പോൾ 2015ൽ 2.66 ലക്ഷമായി കുറഞ്ഞു.